**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3135 — 15.02.2013 ൽ മറുപടിയ്ക്ക്

## ഗ്രാമങ്ങൾ തോറും മാവേലി സ്റ്റോറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ ; | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഗ്രാമങ്ങൾ തോറും മാവേലി സ്റ്റോറുകൾ തുടങ്ങുന്ന പദ്ധതി ഏതു ഘട്ടത്തിലാണ് ; പ്രസ്തുത പദ്ധതി പ്രകാരം എത്ര മാവേലി സ്റ്റോറുകൾ തുടങ്ങിയെന്നും, എത്രയെണ്ണം ഉടൻ തുടങ്ങാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ ; | എ) കേരളത്തിൽ ആകെയുള്ള 978 ഗ്രാമ പഞ്ചായത്തുകളിൽ 909 എണ്ണത്തിലും മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇനിയുള്ള 69 ഗ്രാമപഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ചും ജീവനക്കാരുടെ ലഭ്യതയും പരിഗണിച്ച് പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതാണ്. |
| ബി) സപ്ലൈകോയിൽ തൊഴിലാളികളുടെ കുറവുള്ളതിനാലാണ് പ്രസ്തുത പദ്ധതി പ്രകാരം മാവേലി സ്റ്റോറുകൾ തുടങ്ങാൻ കഴിയാത്തതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | ബി) ജീവനക്കാരുടെ അപര്യാപ്തത ഒരു ഘടകമാണ്. |
| സി) നിലവിൽ സപ്ലൈകോയിൽ എത്ര ഒഴിവുകളുണ്ട് ; പ്രസ്തുത ഒഴിവുകൾ നികത്താൻ എന്താക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | സി) നിലവിൽ സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിസ്മാൻ തസ്തികയിൽ 1107, ഡ്രൈവർ തസ്തികയിൽ 32, ഫാർമസിസ്റ്റ് തസ്തികയിൽ 54, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 01, ജൂനിയർ മാനേജർ ക്യൂ. എ 06, ടൈപ്പിസ്റ്റ് 04 എന്നീ പ്രകാരം ഒഴിവുകൾ നിലവിലുണ്ട്. ഇവ പി.എസ്. സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ഡി) നടപ്പുസാമ്പത്തിക വർഷം സപ്ലൈകോ ഉദ്ദേശിച്ച വാർഷികവിറ്റുവരവ് എത്ര ; അത്രയും വിറ്റുവരവ് നേടാനാകാത്തതിന്റെ കാരണമെന്തെന്നു പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | ഡി) നടപ്പുസാമ്പത്തിക വർഷം (ഏപ്രിൽ 2012-മാർച്ച് 2013) സപ്ലൈകോ ഉദ്ദേശിക്കുന്ന വാർഷിക വിറ്റുവരവ് 3000 കോടി രൂപയാണ്. നടപ്പുസാമ്പത്തിക വർഷം സപ്ലൈകോയുടെ ഡിസംബർ വരെയുള്ള വിറ്റുവരവ് 2274.57 കോടി രൂപയാണ്. തുടർന്നുള്ള 3 മാസങ്ങളിലെ വിറ്റുവരവ് കൂടി ആകുമ്പോൾ 3000 കോടി രൂപയിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നു. |

ഇ) ഗ്രാമങ്ങൾതോറും കഴിയുന്നത്ര മാവേലി സ്റ്റോറുകൾ തുറന്ന് പൊതു വിപണിയിൽ നിലവിലുള്ള വിലക്കയറ്റത്തിന് നിയന്ത്രണമേർപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഇ) കേരളത്തിലെ ഏതാണ്ട് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ചില ഗ്രാമപഞ്ചായത്തുകളിൽ ഒന്നിലധികം മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നു.കൂടാതെ വിപണിയിലുണ്ടാകുന്ന വില വ്യത്യാസം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നിലവിലുള്ള മാർക്കറ്റിടപെടൽ പദ്ധതി പര്യാപ്തവും ഫലപ്രദവുമാണ്. ഇതനുസരിച്ച്-

1. പൊതുവിപണിയേക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ അവശ്യസാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നു.
2. പ്രാദേശികമായി ജനങ്ങൾക്ക് താൽപ്പര്യമുള്ള വിവിധ ഇനം മട്ട അരി കി.ഗ്രാമിന് 16 രൂപ നിരക്കിലും ജയ അരി 21 രൂപ നിരക്കിലും കുറുവ അരി 19 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. കൂടാതെ ഒ.എം.എസ്.എസ് പ്രകാരം പുഴുക്കലരി 19.50, പച്ചരി 21 രൂപ നിരക്കിലും വിതരണം ചെയ്യുന്നു.
3. കൂടുതൽ വിൽപ്പനശാലകൾ വഴി മിതമായ വിലകൾക്ക് വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു.
4. യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പന റേഷൻകാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ ദുരുപയോഗസാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.
5. ഗോതമ്പുപൊടിയുടെ വിലവർദ്ധന തടയുവാനായി റേഷൻ കടകൾ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപയ്ക്ക് വിതരണം നടത്തി വരുന്നു.
6. എ.ആർ.ഡി ശബരി സ്റ്റോറുകൾ, തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു.
7. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ എഫ്.എം.സി.ജി സാധനങ്ങൾ എം.ആർ.പി യെക്കാളും വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് സ്വകാര്യ കച്ചവടക്കാരെ എം.ആർ.പി യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.
8. പൊതുവിപണിയിലേതിനെക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറി പൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻ പുളി, ഏലം എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.
9. ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ ഓണം, ബക്രീദ്, റംസാൻ, ക്രിസ്മസ്, വിഷു തുടങ്ങിയ ഉത്സവ കാലങ്ങളിൽ പ്രത്യേക ഉത്സവകാല ചന്തകൾ സംഘടിപ്പിച്ചു വരുന്നു.
10. പച്ചക്കറികൾക്ക് അന്യസംസ്ഥാനങ്ങളിൽ ഉണ്ടായ ദൗർലഭ്യം മൂലം ഉണ്ടായ വില വർദ്ധന നേരിടാൻ സപ്ലൈകോയും ഹോർട്ടി കോർപ്പും സംയുക്തമായി പച്ചക്കറി വിൽപ്പന സംഘടിപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് പച്ചക്കറി കുറഞ്ഞ വിലയിൽ ലഭ്യമാക്കി വരുന്നു.
11. വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ മിതമായ വിലക്കെത്തിക്കാൻ സ്കൂൾ ഫെയറുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വിലയ്ക്ക് കൂടുതൽ സ്റ്റോക്ക് എത്തിച്ച് വിലവർദ്ധന ഉണ്ടാകുന്ന എല്ലാ സാഹചര്യവും ഒഴിവാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

Beena

സെക്ഷൻ ഓഫീസർ